**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1329** **15-10-2026-ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവേ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഡിജിറ്റൽ സർവേയുടെ തൽസ്ഥിതി വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഡിജിറ്റൽ റീ സർവെ പദ്ധതിയുടെ ഭാഗമായി ആകെ 839 വില്ലേജുകളിൽ സർവെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിൽ 266 വില്ലേജുകളിൽ ഫീൽഡ് സർവെ നടപടികൾ പൂർത്തിയാക്കി സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും 120 വില്ലേജുകളിൽ ഫീൽഡ് സർവെ നടപടികൾ പൂർത്തിയാക്കി സെക്ഷൻ 9(2) പ്രകാരമുള്ള കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. 214 വില്ലേജുകളിൽ വിവിധ ഘട്ടങ്ങളിലായി ഫീൽഡ് സർവെ നടപടികൾ പുരോഗമിച്ചു വരികയാണ്. ശേഷിക്കുന്ന 239 വില്ലേജുകളിൽ ഡിജിറ്റൽ സർവെയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**(ബി)** നിലവിൽ സർവ്വേ പൂർത്തിയായ ഇടങ്ങളിൽ വ്യാപകമായ പരാതികൾ ഉയർന്നു വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയ്ക്കുള്ള പരിഹാര നടപടികൾ വ്യക്തമാക്കുമോ;

**മറുപടി:** സർവെ പൂർത്തിയാക്കിയ വില്ലേജുകളിൽ വന്നിട്ടുള്ള ഭൂപരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവെ പൂർത്തിയാക്കിയ വില്ലേജുകളിലെ ആകെ പാർസലുകളുടെ 5.5 ശതമാനം പാർസലുകളിലാണ് പരാതികൾ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. അതായത്, 94.5 ശതമാനം പാർസലുകളിലും പരാതിരഹിതമായാണ് ഡിജിറ്റൽ സർവെ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്. എന്നിരുന്നാലും പരാതികളുടെ എണ്ണം കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി സമഗ്രമായ പരിഹാര നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിലെ 81421

അപേക്ഷകൾ തീർപ്പാക്കുകയും, 97524 അപേക്ഷകളിൽ സർവെ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ ലഭിച്ച 1,84,804 അപേക്ഷകളിൽ 1,05,957 (57.3%) എണ്ണം പൂർണമായും തീർപ്പാക്കി. നാളിതുവരെ 126161 (68.2%) അപേക്ഷകളിൽ സർവെ നടപടികൾ പൂർത്തീകരിച്ചു.

**(സി)** നിർത്തി വച്ചിരിക്കുന്ന ഡിജിറ്റൽ സർവേ പുനരാരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>മറുപടി:</u> സംസ്ഥാനത്തെ ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോകുന്നതിനും നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുമായി 2026 നവംബർ 1 മുതൽ "ഡിജിറ്റൽ സർവെ 2.0" ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ലഭ്യമായ ഉപകരണങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി 560 കരാർ സർവയർമാരെയും 1,900 കരാർ ഹെൽപ്പർമാരെയും നിയോഗിച്ച് പദ്ധതി മുന്നോട്ടുകൊണ്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിനാൽ, നിലവിലെ സാമ്പത്തികവും ഭരണപരവുമായ സാഹചര്യങ്ങൾക്കനുസരിച്ച് താൽക്കാലിക ജീവനക്കാരുടെ സേവനം പുനഃക്രമീകരിച്ചിട്ടുള്ളതും, തുടർഘട്ടത്തിൽ ആവശ്യമായ ജീവനക്കാരെ വിന്യസിച്ച് ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊ ണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടപ്പിലാക്കുന്നതിനായി മുൻകാല സാമ്പത്തിക ബാധ്യതകൾ തീർപ്പാക്കുന്നതിന് ₹17.20 കോടിയും, പ്രതിമാസ പ്രവർത്തന ചെലവുകൾക്കായി ₹6.80 കോടിയും, അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**